**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 407** **01-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരിയുടെ ഉപയോഗം തടയുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലഹരിയുടെ ഉപയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (എ) | ലഹരി ഉപയോഗം തടയുന്നതിനായി സംസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിയ്ക്കുന്ന ജില്ലാതല കൺട്രോൾറൂം, സ്ട്രൈക്കിങ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ച് വരുന്നു. അന്യസംസ്ഥാനത്ത് നിന്നും മയക്ക്മരുന്ന് കടത്തിനായി സ്ത്രീകളെ ഉപയോഗിയ്ക്കുന്ന പ്രവണത ഉള്ളതിനാൽ ചെക്ക് പോസ്റ്റുകളിൽ വനിതാ ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ച് ചെക്ക് പോസ്റ്റുകളിലെ പരിശോധനകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും റെയിൽവേ പോലീസുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അവയുടെ പരിസര പ്രദേശങ്ങളിലെ കടകൾ, വിദ്യാർത്ഥികൾ കൂട്ടം കൂടി നിൽക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക നിരീക്ഷണവും പരിശോധനകളും നടത്തുന്നുണ്ട്. എൻ.ഡി.പി.എസ് കേസുകളിൽ മുൻപ് പ്രതികൾ ആയവരുടെ ലിസ്റ്റ് തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ച് വരുന്നു. കണ്ടെടുക്കുന്ന എല്ലാ എൻ.ഡി.പി.എസ്. കേസുകളിലും മയക്കുമരുന്നിന്റെ സ്രോതസിനെ സംബന്ധിച്ച് കാര്യക്ഷമമായ അന്വേഷണം നടത്തി വരുന്നു. കൂടാതെ സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പരിപാടികളും, വാർഡ് തലം മുതൽ സംസ്ഥാന തലം വരെ, ജനപ്രതിനിധികൾ അംഗങ്ങളായി ജനജാഗ്രത സമിതികൾ രൂപീകരിച്ച് വിവരശേഖരണവും ലഹരിയ്ക്കെതിരായ ബോധവൽക്കരണവും നടത്തിവരുന്നു. 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ രണ്ട് ഘട്ടങ്ങളിലായി വിപുലമായ ലഹരി വിരുദ്ധ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ